- കേരഫെഡ് മുഖേന കിലോയ്ക്ക് 25/-രൂപ നിരക്കിൽ വയനാട്, ഇടുക്കി, തിരുവനന്തപുരം എന്നിവ ഒഴികെയുള്ള ജില്ലകളിലെ തെരഞ്ഞെടുത്ത കൃഷിഭവനുകൾ മുഖേന പച്ചത്തേങ്ങ സംഭരിക്കുന്നുണ്ട്.

- പച്ചക്കറി കർഷകരെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും മോചിപ്പിക്കുന്നതിനായി കർഷകരിൽനിന്നും ഹോർട്ടിക്കോർപ്പ് (HORTICORP) പച്ചക്കറികൾ നേരിട്ട് സംഭരിക്കുന്നുണ്ട്. സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാര വിപണികളിലും ഉല്പന്നങ്ങൾ നേരിട്ട് വിൽക്കുന്നതിനുള്ള സൗകര്യം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

- റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി നടപ്പാക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം, റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ, രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് സബ്സിഡിയായി നൽകുന്നു.

കാർഷികോല്പന്നങ്ങളുടെ വിലയിടിവുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒരു പരിധിവരെ ഒഴിവാക്കുന്നതിന് മേൽപ്പറഞ്ഞ നടപടികൾ സഹായകരമായിട്ടുണ്ട്.

നെൽകൃഷി വികസന പദ്ധതി

15 (*135) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് നെല്ലുല്പാദനം കുറഞ്ഞുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സുസ്ഥിരവും സമഗ്രവുമായ നെൽകൃഷി വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് നടപ്പിലാക്കിയത്; ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തായിരുന്നുവെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കൃഷി ഭവനുകൾ തയ്യാറാക്കിയ കരട് ഡേറ്റാ പ്രകാരം എത്ര ഹെക്ടർ തരിശ് നിലമുണ്ട്; ഇവ കൃഷിയോഗ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2012-2013 വർഷം നെല്ലിന്റെ ഉൽപ്പാദനം മുൻവർഷത്തേക്കാൾ 60694 മെ.ടൺ കുറയുകയുണ്ടായി. ഇങ്ങനെ സംഭവിച്ചത് 2012-13-ൽ വരൾച്ചമൂലം 48161.6 ഹെക്ടർ നെൽകൃഷി നശിച്ചതിനാലാണ്. 2014-15 വർഷം നെല്ലിന്റെ ഉൽപ്പാദനം 2013-14-നേക്കാൾ 2233 മെ.ടൺ കുറയുകയുണ്ടായി. ആയത് നെൽകൃഷിയുടെ വിസ്തീർണ്ണത്തിലുണ്ടായ കുറവുമൂലമാണ്. നെൽവയലിന്റെ വിസ്തീർണ്ണം 2013-2014-ൽ 199611 ഹെക്ടർ ആയിരുന്നത് 2014-2015-ൽ 198159 ഹെക്ടറായി കുറയുകയുണ്ടായി.

(ബി) ഉണ്ട്. സുസ്ഥിരവും സമഗ്രവുമായ നെൽകൃഷി വികസന പദ്ധതി 2004-2005 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, നിലവിലുള്ള നെൽകൃഷി ചെയ്യപ്പെടുന്ന ഭൂമിയുടെ വിസ്തൃതി കുറയാതെ നോക്കുക, നെൽകൃഷി പ്രോത്സാഹിപ്പിക്കുക, കർഷകരുടെ അറ്റാദായം വർദ്ധിപ്പിക്കുക, ഭക്ഷ്യ സുരക്ഷ കൈവരിക്കുക, നെൽവയലുകളിൽ ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

(സി) 2014-ൽ സംസ്ഥാനത്ത് 36686.772 ഹെക്ടർ തരിശ്നിലമുള്ളതായി കണക്കാക്കിയിട്ടുണ്ട്. തരിശ്നിലം കൃഷിയോഗ്യമാക്കുന്നതിനായി നിരവധി തരിശ്നില നെൽകൃഷി വികസന പദ്ധതികൾ, സംസ്ഥാന സർക്കാർ കൃഷിവകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. 2013-14 മുതൽ 2014-15 വരെ 3709.752 ഹെക്ടർ തരിശ്നിലത്ത് നെൽകൃഷി ചെയ്തിട്ടുണ്ട്. 2015 -2016-ൽ 2000 ഹെക്ടർ തരിശ്നിലം നെൽകൃഷി യോഗ്യമാക്കുന്നതിനുള്ള ആർ.കെ.വി.വൈ. തരിശ്നില നെൽകൃഷി വികസനം പദ്ധതി നടപ്പിലാക്കി വരുന്നുമുണ്ട്.

സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി

16 (*136) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വൈകല്യ നിവാരണത്തിന് സ്റ്റേറ്റ് ഇനിഷിയേറ്റീവ് ഓൺ ഡിസ്സെബിലിറ്റി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly